
# MARKAZ edu JOURNAL

www.markaz.edu.in
edujournal@markaz.in

**2020**
January - February
Vol. 2 / Issue 1

markaz
shaping a culture




**ഇഹ്റാം: പുതിയ ആകാശം, പുതിയ ചിറകുകൾ**

**പുതുവർഷ ദിനത്തിൽ മർകസ് ദിന പരിപാടികൾ**

**അവശസമൂഹങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കൽ മുഖ്യലക്ഷ്യം**

## ACADEMIC COLLABORATIONS OF

# JAMIA MARKAZ

Al-Azhar University, Cairo, Egypt.
Al Qasimia University, Sharjah, UAE.
Aligarh Muslim University (AMU) Aligarh.
Moulana Azad National Urdu University (MANUU), Hyderabad.
Ez-Zitouna University, Montfleury, Tunisia.
Jamia Millia Islamia, New Delhi.
International Islamic University of Malaysia, (IIUM) Kuala Lampur, Malaysia.
International Medical University, Bishkek, Kyrgyzstan.
Üsküdar University, Istanbul, Turkey.
The World Islamic Science and Education University, Amman, Jordan.
Institute Agama Islam Negeri (IAIN) Bengkulu, Indonesia.
Fatih Sultan Mehmet Vakif University (FSMVU), Istanbul, Turkey.
Jamia Al Karam, UK.
Dar Al Mustafa, Yemen.
Universiti Kebangsaan Malaysia (National University of Malaysia, UKM).
Jamia Singapore.
Islamic University of Science & Technology, Awantipora, Jammu & Kashmir.
University of al-Qarawiyyin, Fez, Morocco.
Jamia Hamdard, New Delhi.

# CHANCELLOR TALKS



ലോക വിദ്യഭ്യാസ ദിനമാണ് ജനുവരി 24-നു കടന്നുപോയത്. ഈ വർഷത്തെ  വിദ്യാഭ്യാസ സന്ദേശമായി ഐക്യരാഷ്ട്ര സഭ മുന്നോട്ട് വെച്ച പ്രമേയം Learning for people, planet, prosperity and peace  എന്നാണ്. പഠനത്തിന്റെ ആത്യന്തിക ലക്ഷ്യം ജനങ്ങളുടെ നന്മയും പ്രപഞ്ചത്തിന്റെ നിലനിൽപ്പും സമൃദ്ധിയും സമാധാനവും ആണെന്ന് ഈ സന്ദേശം ഊന്നിപ്പറയുന്നു.

2020 ഏപ്രിൽ 9 മുതൽ 12 വരെ നടക്കുന്ന മർകസ് സമ്മേളന പ്രമേയം സുസ്ഥിര വികസനം സുഭദ്ര രാഷ്ട്രം എന്നാണ്. മർകസ് മുന്നോട്ടുവെക്കുന്ന മുന്നോട്ടുവെക്കുന്ന പ്രമേയം വിദ്യാഭ്യാസ ദിന പ്രമേയവുമായി വളരെ അടുത്തുനിൽക്കുന്നതാണ്. വിദ്യാഭ്യാസത്തിന്റ ലക്‌ഷ്യം വ്യക്തികേന്ദ്രീകൃതമായി പലരിലും  പരിമിതപ്പെടുന്ന ഇക്കാലത്ത് വിശാലമായ ഇടങ്ങളിലേക്കു നമ്മുടെ പുതിയ പ്രതിഭകളുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും കൊണ്ടുവരാൻ സാധിക്കണം.

ലോകം ഭീതിതമായ സാഹചര്യങ്ങളിലൂടെ കടന്നു പോകുന്ന ഘട്ടം കൂടിയാണിത്. ചൈനയിൽ നിന്ന് രൂപപ്പെട്ട  കൊറോണ വൈറസ് ലോകത്താകെ പരന്നിരിക്കുന്നു. കേരളത്തിലും രോഗബാധിക്കുണ്ടെന്ന സ്ഥിരീകരണം വന്നു. നമ്മുടെ വിദ്യാലയങ്ങളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിൽ  വിദ്യാർഥികൾ ജാഗ്രത പുലർത്തണം. വൃത്തികേടുള്ള അന്തരീക്ഷം രോഗമുണ്ടാക്കാൻ സാധ്യത വർദ്ധിപ്പിക്കുന്നു. നമ്മുടെ വീട് പോലെ തന്നെ സുന്ദരമാവണം വിദ്യാലയങ്ങളും

സ്നേഹപൂർവ്വം,

**ശൈഖ് അബൂബക്ർ അഹ്മദ്**
*ചാൻസ്‌ലർ, ജാമിഅ മർകസ്*

**തുടർ പഠനത്തിനും**
**വിദേശ ജോലിക്കും**
**ഇംഗ്ലീഷ് തടസ്സമാവുന്നുണ്ടോ?**

www.markazenglishclub.com

മർകസ് ഇംഗ്ലീഷ് ക്ലബ്ബിൽ 15 ദിവസം താമസിക്കൂ...
രസകരമായി ഇംഗ്ലീഷ് സംസാരിക്കൂ...



Spoken English | Interview Training | Public Speaking & Presentation
Group Discussion | Leadership Skills | Self Marketing | Goal Setting

**Markaz English Club**


Markaz Ihram, Karanthur, Calicut, Kerala
PH:0495 2805258
www.markazenglishclub.com
markazenglishclub@gmail.com

Call: **889 1000 155 | 889 1000 166 | 889 1000 177**

# EDITORIAL

വിജയങ്ങൾ മാത്രമല്ല ഒരു വ്യക്തിയെ അളക്കാനുള്ള മാനദണ്ഡം. എങ്കിലും പരീക്ഷ അക്കാദമിക ലോകത്തെ ഉരക്കല്ല് തന്നെയാണ്. പഠനരംഗത്ത് മുന്നേറാൻ പരീക്ഷാ വിജയങ്ങൾ നിർണായകമാണ്. ഇതോടൊപ്പം തന്നെ സാമൂഹ്യ ബോധത്തോടെയുള്ള അഭിപ്രായ രൂപീകരണവും പഠന ലക്ഷ്യമാണ്. ചിന്തകൾക്ക് വേരുപിടിപ്പിക്കുന്ന തരത്തിലാകണം നമ്മുടെ പഠനാന്തരീക്ഷം. അധ്യാപകരുടെ ധൈഷണിക വിതാനം വിദ്യാർത്ഥികളെ പരുവപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിക്കും. വിജ്ഞാനവും ചിന്തയും ഉൾച്ചേരുന്നിടങ്ങളിൽ ഉന്നതമായ ഗുരു ശിഷ്യ ബന്ധം രൂപപ്പെടും. ഇതുവഴി ധൈഷണിക വ്യാപ്തിയും നേതൃഗുണവുമുള്ള ഭാവി തലമുറ രൂപപ്പെടും. ഇതു തന്നെയാണ് കാലം ആവശ്യപ്പെടുന്നതും.

**എഡിറ്റർ**




06 മർകസിൽ അറബി ഭാഷാ സാംസ്കാരിക സെമിനാർ

08 മർകസ് ഹയർസെക്കണ്ടറി സ്കൂളിൽ നൂറുദിന കർമ്മപദ്ധതി

10 ഡൽഹിയിൽ മർകസ് ദിന പരിപാടികൾ

11 അവിസ്മരണീയ ഡൽഹി യാത്ര

20 മർകസ് മില്യൻ ട്രീസ് ക്യാമ്പയിന് മികച്ച തുടക്കം



markaz
shaping a culture

**MARKAZ EDU JOURNAL**
A bimonthly on and about Markaz Institutions.
Vol. 1 / Issue 2 / November-December 2019
Printed and Published by the Academic Directorate, Jamia Markaz, Karanthur, Kozhikode, 6735 71, Kerala, India.
Tel: 9072 500 439, E-mail: edujournal@markaz.in
Chief Patron: **C. Muhammad Faizi** Consultation: **Dr. Hussain Saqafi**
Advisor: **Dr. M.A.H. Al Kandi** Publisher: **Unais Muhammed**
Director- Editorial Operations: **Prof. K.V. Umar Farooq** Executive Editor: **M. Luqman Saquafi**
Contributing Editor: **Nazar Kunnummal** Content Editor: **Jyothish K.V**
Managing Editor: **Muhsin Ezhari** Editor: **Fayiz Nurani**
Web Editor: **Abdul Siyad** Circulation Officer: **Fazal Ameen**
Photos: **Sidheeq K, Irfan (Markaz Media)**
Design: **www.grandamedia.com**

MARKAZ KNOWLEDGE CITY
granda media

# ഇഹ്റാം: പുതിയ ആകാശം, പുതിയ ചിറകുകൾ

## ട്രെയിനിങ് രംഗത്തെ മികച്ച  ബ്രാൻഡ് ആയി ഇഹ്റാം മാറിയിരിക്കുന്നു

2007ൽ പ്രവർത്തനം ആരംഭിച്ച മർകസ് ഇഹ്റാം (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ആക്ടിവേഷൻ മാനേജ്മന്റ്) സ്ഥാപിത ലക്ഷ്യങ്ങൾ പൂർത്തിയാക്കി കാലോചിത മാറ്റങ്ങളിലൂടെയും നൂതനമായ പരിശീലന പരിപാടികളിലൂടെയും മുന്നേറികൊണ്ടിരിക്കുകയാണ്. സമൂഹത്തിനും സമുദായത്തിനും നിരവധി പ്രതിഭകളെ സമ്മാനിക്കാൻ ഈ കാലയളവിൽ ഇഹ്റാമിന് കഴിഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ മിക്ക സ്ഥാപനങ്ങളിലും പ്രധാന സ്ഥാനങ്ങൾ അലങ്കരിക്കുന്നതും ഇഹ്റാമിൽ നിന്ന് വ്യത്യസ്തങ്ങളായ പരിശീലനങ്ങളിലൂടെ പുറത്തിറങ്ങിയവരാണ്. ഇന്ന് ട്രെയിനിങ് രംഗത്തെ മികച്ച ബ്രാൻഡ് ആയി ഇഹ്റാം മാറിയിരിക്കുന്നതും കേരളത്തിൽ തന്നെ ഏറ്റവും മികച്ച പരിശീലന സ്ഥാപനങ്ങളിൽ ഒന്നായതും ചിട്ടയായ പരിശീലനങ്ങളിലൂടെയും, പ്രഗത്ഭരായ ട്രൈനേഴ്സിന്റെ നൂതനമായ പരിശീലന രീതികളിലൂടെയുമാണ്. നാലു പ്രധാന വകുപ്പുകളായ ഇംഗ്ലീഷ്, സൈക്കോളജി, സോഫ്റ്റ് സ്കിൽ, കരിയർ എന്നിവക്ക് കീഴിൽ വിവിധങ്ങളായ പരിശീലനങ്ങൾ ഇഹ്റാമിൽ നടന്നു വരുന്നു.

### ഇംഗ്ലീഷ് ക്ലബ്

ഇംഗ്ലീഷ് ക്ലബാണ് ഇഹ് റാമിന്റെ പ്രധാന ട്രെയിനിംഗ് പ്രോഗ്രാം. ഇതിൽ പങ്കെടുക്കുന്നവർ മംഗലാപുരം മുതൽ തിരുവനന്തപുരം വരെയുള്ള യുവാക്കളാണ്. വെറും ഇംഗ്ലീഷ് പരിശീലനം മാത്രമല്ല, ഇസ്ലാമിക ജീവിത ചിട്ടയും കൃത്യമായ ജീവിത ലക്ഷ്യവും നൽകുന്നു.

കൂടാതെ 25 ദിവസം നീണ്ടു നിൽക്കുന്ന 2 മണിക്കൂർ വീതമുള്ള റെഗുലർ ഇംഗ്ലീഷ്,ഇന്ത്യയിൽ ആദ്യമായി യാത്രയിലൂടെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന പരിശീലന പരിപാടിയും, സാഹസികത ഇഷ്ടപെടുന്നവർക്കും തിരക്ക് പിടിച്ച ജീവിത ശൈലിയിൽ നിന്നും മാറി പ്രകൃതിയുമായി ഇണങ്ങി ചേരാൻ ആഗ്രഹമുള്ളവർക്കും വേണ്ടിയുള്ള ഔട്ട് ബോണ്ട് ട്രെയിനിങ്ങും,25 ദിവസം നീണ്ടു നിൽക്കുന്ന 2 മണിക്കൂർ വീതമുള്ള റഗുലർ ഇംഗ്ലീഷും, ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (ബിരുദധാരിയായ ആൺകുട്ടികൾ ,പെൺകുട്ടികൾ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകർ ) തുടങ്ങിയ കോഴ്സുകൾ ഈ വർഷം മുതൽ ആരംഭിക്കും . കൂടാതെ നമ്മുടെ

സ്ഥാപനങ്ങളിൽ ചുരുങ്ങിയ ചിലവിൽ വര്ഷം മുഴുവൻ നീണ്ടു നിൽക്കുന്ന സ്പോക്കൺ ഇംഗ്ലീഷ് ട്രൈനിഗും ആരംഭിക്കും.

### സൈക്കോളജി ഡിപാർട്മെന്റ്

കൗണ്സിലിംഗ് സെന്ററിന് കീഴിൽ എല്ലാ ദിവസവും വിദഗ്ദരായ സൈക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാണ് .മാനസിക രോഗങ്ങൾ, ലഹരി ഉപയോഗം, മൊബൈൽ ഭ്രമം , കുടുംബ പ്രശ്നങ്ങൾ തുടങ്ങി മുഴുവൻ മേഖലകളിലും പരിഹാരം ലാഭ്യമാണ് .

പഠന പ്രശ്നം നേരിടുന്ന കുട്ടികൾക്ക് അത് പരിഹരിക്കുന്നതിന് വേണ്ടി ഇഹ്റാം രൂപ കൽപന ചെയ്ത പ്രത്യേക പരിശീലന പദ്ധതിയും ഇവിടെ നടന്നു വരുന്നു. ഈ വർഷം മുതൽ വിവിധ സ്കൂളുകളിൽ സന്ദർശനം നടത്തി പഠന പ്രശ്നം ഉള്ള കുട്ടികളെ കണ്ടെത്തി പരിഹാരം നൽകാനും തീരുമാനിച്ചു. ആറു മാസം നീണ്ടു നിൽക്കുന്ന ഡിപ്ലോമ ഇൻ കൗൺസിലിംഗ് (സ്ത്രീ/പുരുഷൻ ) എല്ലാ ശനിയാഴ്ചകളിലും ഞയറാഴ്ചകളിലും നടന്നു വരുന്നു. അതിനു പുറമെ നമ്മുടെ സ്ഥാപനങ്ങളിലെ അവസാന വർഷ ബിരുദ വിദ്യാർഥിനികൾക്ക് പ്രീമാരിറ്റൽ കൗണ്സിലിംഗ്

> **സമൂഹത്തിനും സമുദായത്തിനും നിരവധി പ്രതിഭകളെ സമ്മാനിക്കാൻ ഈ കാലയളവിൽ ഇഹ്റാമിന് കഴിഞ്ഞിട്ടുണ്ട്. ഇംഗ്ലീഷ്, സൈക്കോളജി, സോഫ്റ്റ് സ്കിൽ, കരിയർ എന്നിവക്ക് കീഴിൽ വിവിധങ്ങളായ പരിശീലനങ്ങൾ ഇഹ്റാമിൽ നടന്നുവരുന്നു.**

ആൻഡ് മാരിറ്റൽ കൗൺസിലിംഗ് ക്ലാസുകൾ ഈ വർഷം മുതൽ ആരംഭിക്കുന്നു . കൂടാതെ കപ്പിൾസ് ട്രെയിനിങ് , സെക്സ് തെറാപ്പി തുടങ്ങിയ ട്രെയിനിങ്ങുകളും നടന്നു വരുന്നു.

### സോഫ്റ്റ് സ്കിൽ ഡിപാർട്മെന്റ്

ഏപ്രിൽ, മെയ് അവധിക്കാലത്ത് യു പി , ഹൈസ്കൂൾ വിദ്യാർത്ഥി വിദ്യാർഥിനികൾക്ക് വേണ്ടി ക്യാമ്പുകൾ നടന്നു വരുന്നു. കൂടാതെ ക്രിസ്തുമസ് , ഓണം അവധിക്കാലത്തും ഈ ക്യാമ്പുകൾ നടന്നു വരുന്നു . റമളാൻ മാസത്തിൽ ഏഴ് ദിവസം നീണ്ടു നിൽക്കുന്ന ഭൗതീകതയും ആത്മിയതയും സമന്വയിപ്പിച്ചുള്ള ക്യാമ്പുകളും നടന്നു വരുന്നു.

കൂടാതെ ഈ വർഷം മുതൽ little scholar എന്ന പേരിൽ സ്കൂളുകളിൽ വർഷം മുഴുവനും നീണ്ടു നിൽക്കുന്ന പരിശീലന പദ്ധതി ആരംഭിക്കുന്നു. സ്പോക്കൺ ഉറുദു, സ്പോക്കൺ അറബി തുടങ്ങിയവയും ഈ വർഷം മുതൽ ആരംഭിക്കുന്നു. TA, NLP, Teacher training, Trainers training, Leadership training, Anger management തുടങ്ങിയ പ്രോഗ്രാമുകളും നടന്നുവരുന്നു.

### കരിയർ

ഇഹ്റാം ഇതുവരെ കടന്നുചെല്ലാത്ത കരിയർ മേഖലയിലേക്ക് പരിശീലനം തുടങ്ങാനും, Aptitude Test Carrier Guidance, പരീക്ഷയെ നേരിടാനുള്ള ശില്പശാലകൾ തുടങ്ങിയവയും ആറുമാസം നീണ്ടുനിൽക്കുന്ന ഡിപ്ലോമ ഇൻ കൗൺസിലിംഗ് (സ്ത്രീ/പുരുഷൻ) ശനിയാഴ്ചകളിലും ഞയറാഴ്ചകളിലും ഈ വർഷം മുതൽ ആരംഭിക്കുന്നു. State Govtനു കീഴിയിലുള്ള നിരവധി പ്രോഗ്രാമുകൾ ഇഹ്റാമിൽ വെച്ചും വിവിധ ബ്രാഞ്ചുകളിൽ വെച്ചും നടന്നുവരുന്നു. ആധുനിക സൗകര്യങ്ങളോടു കൂടിയ ശീതികരിച്ച ക്ലാസ് മുറികളും ആളുകൾക്ക് വാഹനം പാർക്ക് ചെയ്യാനുള്ള വിശാലമായ സൗകര്യവും ഇവിടെയുണ്ട്.

## ഭാഷ അതിരുകൾക്കപ്പുറത്ത് മനുഷ്യനെ ചേർത്തുനിറുത്തുന്ന വികാരം: കവി അഹമദ് ഇബ്റാഹീം




രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും അതിരുകൾക്കപ്പുറത്ത് മനുഷ്യരുടെ മനസ്സുകളെ ചേർത്തുനിറുത്തുന്ന വികാരമാണ് ഭാഷകളെന്നു പ്രമുഖ യു.എ.ഇ അറബ് കവി അഹമദ് ഇബ്റാഹീം പറഞ്ഞു. ഡിസംബർ 18- ലോക അറബി ഭാഷാ ദിനത്തിൽ മർകസ് 43-ാം വാർഷിക സമ്മേളനത്തിന്റെ ഭാഗമായി മർകസിൽ സംഘടിപ്പിച്ച അറബി ഭാഷാ സാംസ്കാരിക സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓരോ ഭാഷക്കും സവിശേഷമായ വ്യാകരണ -സാഹിത്യ സ്വഭാവങ്ങൾ ഉള്ളതോടൊപ്പം മനുഷ്യരുടെ പരസ്പരമുള്ള കുടിയേറ്റങ്ങളും ഇടപഴകലുകളും സംസ്കാരങ്ങളിൽ അഭിവൃദ്ധി ഉണ്ടാക്കുന്ന പോലെ ഭാഷകളിലും കൊടുക്കൽ വാങ്ങലുകൾ സാധ്യമാക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യക്കാർ തൊഴിലാവശ്യാർത്ഥം ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന രാജ്യങ്ങളാണ് അറബി ഔദ്യോഗിക ഭാഷയായ ജി.സി.സി രാഷ്ട്രങ്ങൾ. അതിനാൽ, ഇന്ത്യയിലെ ഹിന്ദിയും ഉർദുവും മലയാളവും അടങ്ങുന്ന ഇന്ത്യയിലെ വിവിധ ഭാഷകളിൽ നൈപുണ്യം ഉള്ളതിനോടൊപ്പം അറബി ഭാഷയിലും വിനിമയ ശേഷിയുള്ളവരാണ് ഇന്ത്യക്കാർ. അത്തരം വളർച്ച ഓരോ ഭാഷയെയും നവീകരിക്കുന്നു, അദ്ദേഹം പറഞ്ഞു.

മർകസ് ജനറൽ മാനേജർ സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. കേരളത്തിലെ ശ്രദ്ധേയരായ അറബി എഴുത്തുകാരും മർകസ് ശരീഅ കോളേജിലെ പ്രഫസർമാരുമായ അബ്ദുൽ അസീസ് സഖാഫി വെള്ളയൂർ, ഡോ. അബ്ദുൽ ഹകീം സഅദി കരുനാഗപ്പള്ളി എന്നിവർക്ക് മർകസ് ശരീഅ സ്റ്റുഡന്റ്സ് യൂണിയൻ ഇഹ്യാഉസ്സുന്ന നൽകിയ അവാർഡ് പരിപാടിയിൽ സമ്മാനിച്ചു മർകസ് വൈസ് പ്രസിഡന്റ് കെ.കെ അഹ്മദ് കുട്ടി മുസ്ലിയാർ പ്രാർത്ഥന നടത്തി. സി.പി ഉബൈദുല്ല സഖാഫി, ഉമറലി സഖാഫി എടപ്പലം, അബ്ദുന്നാസർ സഖാഫി കെല്ലൂർ, സി.പി സിറാജ് സഖാഫി, ത്വാഹാ സഖാഫി മണ്ണത്തി പ്രസംഗിച്ചു.

# ഇന്ത്യയിലെ അവശ സമൂഹങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കൽ മർകസിന്റെ മുഖ്യലക്ഷ്യം: കാന്തപുരം

## മർകസ് നോളജ് സിറ്റിയിലെ കൾച്ചറൽ സെന്ററിൽ സംഘടിപ്പിച്ച സംസ്ഥാനതല നേതൃസംഗമം ഉദ്ഘാടനം ചെയ്തു




***മർകസ് 43ാം വാർഷിക സമ്മേളനത്തിന്റെ ഭാഗമായി നോളജ് സിറ്റിയിൽ സംഘടിപ്പിച്ച സുന്നി സംഘടനകളുടെ സംസ്ഥാന നേതൃസംഗമം കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ ഉദ്ഘാടനം ചെയ്യുന്നു.***

ഇന്ത്യയിലെ മുസ്ലിംകളുടെ വിദ്യഭ്യാസപരമായ പിന്നാക്കാവസ്ഥ രൂപപ്പെട്ടത് വിവിധ ഭരണകൂടങ്ങളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും അവഗണന കാരണമാണെന്നും, മുസ്ലിംകൾ അടക്കമുള്ള അവശസമൂഹങ്ങളെ കൈപിടിച്ച് രാജ്യത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ സൂക്ഷ്മവും വിപുലവുമായ പ്രവർത്തനങ്ങളാണ് മർകസ് നടത്തുന്നതെന്നും കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ പറഞ്ഞു. മർകസ് നാല്പത്തിമൂന്നാം വാർഷിക സമ്മേളനത്തിന്റെ ഭാഗമായി മർകസ് നോളജ് സിറ്റിയിലെ കൾച്ചറൽ സെന്ററിൽ സംഘടിപ്പിച്ച സംസ്ഥാനതല നേതൃസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നാം ജീവിക്കുന്ന കാലത്തിനും ഭാവിയിൽ വരാനിരിക്കുന്ന സമൂഹത്തിനും വൈദഗ്ധ്യത്തോടെ നേതൃത്വം നൽകാൻ ശേഷിയുള്ള ഉൾപ്പെന്നങ്ങളെ രൂപപ്പെടുത്തുന്നതിലാണ് മർകസ് ശ്രദ്ധയൂന്നുന്നത്. അനുദിനം സാങ്കേതിക വിദ്യയിൽ വലിയ മാറ്റങ്ങൾ സംഭവിക്കുന്ന നമ്മുടെ കാലത്ത്, അത്തരം മാറ്റങ്ങളെ അഭിമുഖീകരിക്കാനും പ്രയോജനപ്പെടുത്താനും സാധിക്കുന്ന മാനുഷിക വിഭവങ്ങളെ ധാരാളമായി വളർത്തിക്കൊണ്ടുവരേണ്ടതുണ്ട്: അദ്ദേഹം പറഞ്ഞു. മർകസ് പ്രസിഡണ്ട് സയ്യിദ് അലി ബാഫഖി തങ്ങൾ അധ്യക്ഷത വഹിച്ചു. സമ്മേളന സ്വാഗതസംഘം ചെയർമാൻ സയ്യിദ് പി.കെ.എസ് തങ്ങൾ തലപ്പാറ പ്രാർത്ഥന നടത്തി. പൊന്മള അബ്ദുൽ ഖാദിർ മുസ്ലിയാർ, സി മുഹമ്മദ് ഫൈസി, സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, ഡോ.എ.പി അബ്ദുൽ ഹകീം അസ്ഹരി, ഡോ. അബ്ദുസ്സലാം, സി പി മൂസ ഹാജി , യൂസുഫ് ഹാജി പൊയിലൂർ, പ്രസംഗിച്ചു. വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, പൊന്മള മുഹിയുദ്ധീൻ കുട്ടി മുസ്ലിയാർ, എൻ അലി അബ്ദുല്ല, പി.കെ.എം സഖാഫി ഇരിങ്ങല്ലൂർ, കുഞ്ഞി മുഹമ്മദ് സഖാഫി കൊല്ലം, റഹ്മത്തുല്ല സഖാഫി എളമരം, സി പി ഉബൈദുല്ല സഖാഫി, ജി അബൂബക്കർ, എ സൈഫുദ്ധീൻ ഹാജി, സി.പി സൈതലവി തുടങ്ങിയവർ സംബന്ധിച്ചു. സമസ്ത, കേരള മുസ്ലിം ജമാഅത്ത്, എസ്.വൈ.എസ്, എസ്.എസ്.എഫ്, സുന്നി മാനേജ്മെന്റ് അസോസിയേഷൻ, സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ എന്നിവയുടെ സംസ്ഥാന ജില്ലാ ഭാരവാഹിത്വം വഹിക്കുന്ന ആയിരം നേതാക്കൾ സംബന്ധിച്ചു.

# പൊതുവിദ്യാലയങ്ങളുടെ വികസനം സർക്കാരിന്റെ മുഖ്യ അജണ്ട: കടകംപള്ളി സുരേന്ദ്രൻ




പൊതുവിദ്യാലയങ്ങളുടെ വികസനം സർക്കാറിന്റെ മുഖ്യഅജണ്ടയാണെന്നും കഴിഞ്ഞ മൂന്നവർഷത്തിനിടെ അഞ്ചുലക്ഷം വിദ്യാർത്ഥികളെ സർക്കാർ സ്കൂളുകളിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ടെന്നും മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ ഉന്നതവിജയം ലക്ഷ്യമാക്കി മർകസ് ഹയർസെക്കണ്ടറി സ്കൂൾ നടപ്പിലാക്കുന്ന നൂറുദിന കർമ്മപദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. 2016ന്ന മുമ്പുള്ള 49 വർഷങ്ങളിൽ ചെലവഴിച്ചതിനേക്കാൾ കൂടുതൽ തുക ഈ സർക്കാർ വന്ന ശേഷം വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. 45000 ക്ളാസുകൾ സ്മാർട്ട് ക്ലാസ്റൂമുകളാക്കി. ഐ.എ.എസ് പരീക്ഷകളിൽ ഉന്നതവിജയം നേടുന്നവരിൽ ബഹുഭൂരിഭാഗവും സർക്കാർ സ്കൂളുകളിൽ പഠിച്ചു വരുന്നവരാണ്: മന്ത്രി പറഞ്ഞു. അഞ്ഞൂറിലധികം രക്ഷിതാക്കൾ സംബന്ധിച്ചു. പി.ടി.എ റഹീം എം.എൽ.എ അധ്യക്ഷത വഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ പി അബ്ദുന്നാസർ ആമുഖ പ്രഭാഷണം നടത്തി. പാടാളിയിൽ ബഷീർ, സ്കൂൾ പി ടി എ പ്രസിഡന്റ് അബ്ദുൽ ഖാദർ ഹാജി, അബ്ദുൽറസാഖ് പി പി, മർകസ് അക്കാദമിക ഡയറക്ടർ ഉനൈസ് മുഹമ്മദ്, സി പി ഫസൽ അമീൻ, അഷ്റഫ് കെ കെ, പി മുഹമ്മദ് പ്രസംഗിച്ചു.

# വാക്കുകൾക്ക് മറ്റെന്തിനേക്കാളും മനുഷ്യനെ സ്വാധീനിക്കാനാവും : സി മുഹമ്മദ് ഫൈസി

മർകസ് അക്കാദമി ഓഫ് ഖുർആൻ സ്റ്റഡീസ് വിദ്യാർത്ഥികളുടെ കലാസാഹിത്യ മത്സരമായ അൽ ഖലം മീലാദ് ഫെസ്റ്റിന് തുടക്കമായി. മർകസ് ജനറൽ മാനേജർ സി. മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. മികച്ച ആശയങ്ങൾ മനോഹരമായി അവതരിപ്പിക്കുന്ന വാക്കുകൾക്ക് മറ്റെന്തിനേക്കാളും മനുഷ്യനെ ആകർഷിക്കാനാവുമെന്ന് അദ്ദേഹം പറഞ്ഞു. എഴുത്തും പ്രസംഗവും ഗാനങ്ങളും അടങ്ങുന്ന കലാരൂപങ്ങൾ വ്യത്യസ്തമായും സുന്ദരമായും അവതരിപ്പിക്കാൻ വിദ്യാർത്ഥികാലത്തിലെ ഓരോരുത്തരും ശീലിക്കണം.

രണ്ടുദിവസം നീണ്ട് നിൽക്കുന്ന മീലാദ് ഫെസ്റ്റിവൽ 90 ഇനങ്ങളിലായി മുന്നോറോളം വിദ്യാർത്ഥികൾ മാറ്റുരക്കുന്നുണ്ട്. സയ്യിദ് ശിഹാബുദ്ധീൻ അഹ്ദൽ മുത്തന്നൂർ, ഹനീഫ സഖാഫി ആനമങ്ങാട്, ലത്തീഫ് സഖാഫി




പെരുമുഖം, മൂസ സഖാഫി പാതിരമണ്ണ, ഇസ്സുദ്ധീൻ സഖാഫി പുല്ലാളൂർ, ജരീർ സഖാഫി എടക്കര പ്രസംഗിച്ചു. അനീസ് സഖാഫി സ്വാഗതവും ഹിശാമുൽ ബുർഹാൻ സഖാഫി നന്ദിയും പറഞ്ഞു.

# മുഖ്യധരാ രാഷ്ട്രീയത്തിൽനിന്ന് മുസ്ലിംകൾ മാറ്റിനിറുത്തപ്പെടുന്നത് ആപത്കരം: ഡോ. മുജീബുറഹ്മാൻ

ന്യൂഡൽഹി: മുഖ്യധാരാ രാഷ്ട്രീയത്തിൽ നിന്ന് മുസ്ലിംകളെ അവഗണിക്കുന്ന പ്രവണത രാജ്യത്ത് വ്യാപകമാണെന്നും, അതോടൊപ്പം അക്കാദമികം, കല തുടങ്ങിയ ഇടങ്ങളിൽ നിന്ന് മാറ്റിനിറുത്തപ്പെടുന്നത് സമുദായത്തിന്റെ ആത്മവിശ്വാസത്തെ ബാധിക്കുന്നുവെന്ന് ജാമിഅ മില്ലിയ്യ പ്രൊഫസർ ഡോ. മുജീബു റഹ്മാൻ പറഞ്ഞു. മർകസ് നാൽപത്തിമൂന്നാം വാർഷിക സമ്മേളനത്തിന്റെ ഭാഗമായി ന്യൂഡൽഹിയിലെ ഇന്ത്യ ഇസ്ലാമിക് കൽച്ചറൽ സെന്ററിൽ സംഘടിപ്പിച്ച 'രാഷ്ട്രവും രാഷ്ട്രീയവും മുസ്ലിം സമൂഹങ്ങളിൽ' എന്ന വിഷയത്തിലുള്ള പാനൽ ഡിസ്കഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുസ്ലിം സ്ഥാനാർത്ഥികളെ വെച്ചാൽ തോൽവി സാധ്യത കൂടുതലാണ് എന്ന പ്രചാരണം നടക്കുന്നു. അക്കാദമിക



രംഗത്ത് മുസ്ലിം പേരുള്ളവർക്കു സാദ്ധ്യതകൾ കുറയുന്നു. ഇങ്ങനെയുള്ള സാമൂഹികാവസ്ഥ വ്യാപകമാവുന്നത് ആപത്കരമാണ്. എല്ലാവർക്കും തുല്യപ്രതിനിധ്യവും പരിഗണയും രാജ്യത്ത് ലഭിക്കേണ്ടതുണ്ട്; പാനൽ ഡിസ്കഷൻ അഭിപ്രായപ്പെട്ടു. സൗത്തേഷ്യൻ യൂണിവേഴ്സിറ്റി സാമൂഹികശാസ്ത്ര വിഭാഗം പ്രഫസർ ഡോ. ഇർഫാനല്ല ഫാറൂഖി, ജെ.എൻ.യു പൊളിറ്റിക്കൽ സ്റ്റഡീസ് പ്രഫസർ ഡോ. ആമിർ അലി, ഡൽഹി യൂണിവേഴ്സിറ്റി ഹിസ്റ്ററി വിഭാഗം പ്രൊഫസർ ഡോ. യാസർ അറഫാത്ത്, മർകസ് വൈസ് ചാൻസലർ ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട് സംസാരിച്ചു. വിവിധ യൂണിവേഴ്സിറ്റികളിലെ ഗവേഷക വിദ്യാർഥികൾ പങ്കെടുത്തു.

## അസാതീദ മീറ്റ്




മർകസ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ മദ്രസാ സംവിധാനങ്ങൾ മെച്ചപ്പെടുത്താനും അധ്യാപകരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും മർകസ് ഗ്രൂപ്പ് ഓഫ് സ്കൂളുകളിൽ (എം.ജി.എസ്) സേവനം അനുഷ്ഠിക്കുന്ന മുഅല്ലിം ട്രെയ്നിങ്ങും പ്രോഗ്രാമും വാർഷിക യോഗവും 'അസാതീദ മീറ്റ് 19' മർകസ് നോളജ് സിറ്റിയിൽ സംഘടിപ്പിച്ചു.

മർകസ് ചാൻസലർ കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ ഉദ്ഘാടനം ചെയ്തു. ഉസ്താദുമാർ ജീവിതം കൊണ്ട് കുട്ടികൾക്ക് മാതൃകയാകണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. മർകസ് ജനറൽ മാനേജർ സി. മുഹമ്മദ് ഫൈസി മുഖ്യ പ്രഭാഷണം നടത്തി. തുടർന്നുള്ള സെഷനുകൾ ഡോ. ഹകീം ഉസ്താദ് (മുഅല്ലിം പേഴ്സണാലിറ്റി), ഡോ. ഫൈസൽ അഹ്സനി ഉളിയിൽ (നൂതന ബോധന ശാസ്ത്രം), ഡോ. ഉമർ ഫാറൂഖ് സഖാഫി കോട്ടുമാല (പ്രൊഫഷണൽ ഡെവലപ്മെന്റ്) എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. അക്കാഡമിക് എക്സിക്യൂട്ടീവ് ഡയറക്ടർ ഉനൈസ് മുഹമ്മദ് അധ്യക്ഷത വഹിച്ചു.

നാസർ കുന്നുമ്മൽ
Kerala State Career Guidance
Resourse Person, FMHSS, Koombara



# എക്സ്പ്ലോർ 21 സി

അതിവേഗം മാറുന്ന ലോകത്താണ് നമ്മൾ ജീവിക്കുന്നത് എന്നറിഞ്ഞിട്ടും അവരെന്താ ഇങ്ങനെ? ഇതൊരു ഭാഗത്ത് രക്ഷിതാക്കളുടെയും മറ്റൊരു ഭാഗത്ത് അധ്യാപകരുടെയും പരാതി. പ്രത്യേകിച്ചും ഹയർ സെക്കണ്ടറി മേഖലയിൽ! ഇതിനൊരു മറുപടിയായിരുന്നു എക്സ്പ്ലോർ 21 സി എന്ന പേരിൽ കരിയർ ഗൈഡൻസ് വിഭാഗം ജനുവരി 17-19 തിയ്യതിളിൽ കൊയിലാണ്ടിയിൽ നടന്ന ദേശീയ കരിയർ സെമിനാറും അതോടൊപ്പം നടന്ന മീഡിയ, ഫോട്ടോഗ്രഫി, ഡിസൈനിംഗ്, പൈലറ്റ് ലൈസൻസ്, വിവിധ മത്സര പരീക്ഷകൾ, സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് വിഷയങ്ങളിലെ സാധ്യതകളും റോബോട്ടിക് വർക് ഷോപ്പും.

കോഴിക്കോട് ജില്ലയിലെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നായി 4500 ൽ അധികം വിദ്യാർത്ഥികൾ അവരുടെ താത്പര്യ മേഖലകൾ തിരിച്ചറിയാനും തുടർ പഠനാവശ്യത്തിനും വേണ്ടി കൊയിലാണ്ടിയിലെത്തിയത്.

പ്ലസ്ടുവിന് ശേഷം ഇവളെ എന്ത് ചെയ്യുമെന്ന് ആലോചിച്ചിരിക്കുമ്പോഴാണ് ഭിന്നശേഷിക്കാർക്കുള്ള അവസരങ്ങളെ കുറിച്ച് ബോധ്യപ്പെടുത്തി തന്നത്. - എക്സ്പ്ലോർ 21 സിയുടെ ഭാഗമായി ഭിന്ന ശേഷിക്കാർക്കുള്ള കരിയർ ഗൈഡൻസ് സെഷനിൽ പങ്കെടുത്ത ശേഷം കുമ്പാറ ഫാത്തിമാബി സ്കൂളിലെ വിദ്യാർത്ഥിനിയുടെ പിതാവ് പറഞ്ഞു.

ഇയാസും 45 പ്ലസ് വൺ വിദ്യാർത്ഥികളും പൈലറ്റ് മോഹവുമായാണെത്തിയത്. അവർക്ക് കാര്യങ്ങൾ വിശദീകരിച്ചത് രാജീവ് ഗാന്ധി അക്കാദമി ഫോർ എവിയേഷൻ ടെക്നോളജിയിലെ പൈലറ്റായ റാം കൃഷ്ണനായിരുന്നു.

**കേന്ദ്ര- സംസ്ഥാന സർക്കാറുകൾ നൈപുണ്യ വികസന പദ്ധതികളിലൂടെ നൂതനമായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.**

സർക്കാർ മേഖലയിൽ റോബോട്ടിക് വർക് ഷോപ്പുകൾ വ്യാപകമായിട്ടില്ലെങ്കിലും ഈ സെഷനിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. വിദ്യാർത്ഥികൾ ഇത്തരം കാര്യങ്ങളിൽ തൽപരരാണെന്നല്ലേ ഇത് സൂചിപ്പിക്കുന്നത്. സാമൂഹ്യ പ്രവർത്തനങ്ങളിലൂടെ ജീവിതം തന്നെ കരിയറാക്കി മാറ്റിയ ദയാബായിക്കു മുന്നിൽ വിദ്യാർത്ഥികൾ നിരത്തിയ സംശയങ്ങളും ചോദ്യങ്ങളും പുതുതലമുറയിൽ സാമൂഹ്യ പ്രതിബദ്ധത മരിച്ചിട്ടില്ലെന്നകാര്യം ഉറപ്പിക്കുന്നതായിരുന്നു. പുതുതലമുറയെ തിരിച്ചറിയാൻ അധ്യാപകരും രക്ഷിതാക്കളും ഒരുപാട് മാറേണ്ടിയിരിക്കുന്നു. കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് മർക്കസ് ഫാത്തിമാബി സ്കൂളിന് വേണ്ടി നടത്തിയ എസ്.ഡി.പി പ്രൊജക്റ്റിലും വിദ്യാർത്ഥികളുടെ കരിയർ ലക്ഷ്യ ബോധനിർണയത്തിൽ അധ്യാപകരുടെയും രക്ഷിതാക്കളുടെയും ക്രിയാത്മക ഇടപെടലുകൾ അനിവാര്യമാണെന്ന് സൂചിപ്പിക്കുന്നു.

കേന്ദ്ര- സംസ്ഥാന സർക്കാറുകൾ നൈപുണ്യ വികസന പദ്ധതികളിലൂടെ നൂതനമായ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ട പ്രവേശന പരീക്ഷകളിലൊന്നാണ് ഐഐടി മദ്രാസിലെ എസ്എച്ച്ഇഇ (SHEE-സോഷ്യൽ സയൻസ് ആന്റ് ഹ്യൂമാനിറ്റീസ് എൻട്രൻസ് എക്സാമിനേഷൻ). പഞ്ചവത്സര കോഴ്സിൽ ഡവലപ്മെന്റൽ സ്റ്റഡീസ്, ഇംഗ്ലീഷ് ഭാഷ പഠനം എന്നിവയും ഉണ്ടാകും.

ഇന്ത്യയിലെ പ്രശസ്ത നിയമ സർവകലാശാലകളിൽ ഹയർ സെക്കണ്ടറിക്കാർക്ക് അവസരം ലഭിക്കുന്ന പരീക്ഷയാണ് സി.എൽ.എ.ടി (ക്ലാറ്റ്). ഹോട്ടൽ മാനേജ്മെന്റ് ഹോസ്പിറ്റാലിറ്റി മേഖലകളിൽ പ്രമുഖ സ്ഥാപനങ്ങളിൽ പഠിക്കാൻ എൻ.സിഎച്ച്.എം.സി.ടി- ജെ.ഇ.ഇ പരീക്ഷകൾ വഴി അവസരം കണ്ടെത്താം. അപേക്ഷിക്കാനുള്ള സമയമായി.

ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ വിവിധ വകുപ്പുകളിൽ അവസരം ലഭിക്കാനുള്ള പ്രവേശന പരീക്ഷകൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ഫൂട്ട് വെയർ, ലെതർ, ഫാഷൻ ഡിസൈനിംഗ് മേഖലകളിൽ പഠിക്കുവാൻ 12 ദേശീയ സ്ഥാപനങ്ങളിൽ ഇപ്പോൾ അപേക്ഷിക്കാം. ബധിർ, കേൾവിക്കുറവുള്ളവർ എന്നിവർക്കായുള്ള ബിരുദ കോഴ്സുകൾക്ക് NISH - തിരുവനന്തപുരം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

# ക്രിസ്മസ് ക്യാമ്പ് സംഘടിപ്പിച്ചു




സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി മർക്കസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ത്രിദിന ക്രിസ്മസ് ക്യാമ്പ് സംഘടിപ്പിച്ചു. പുതുവത്സരദിനത്തിൽ രാവിലെ 7മണിയോടുകൂടി ആരംഭിച്ച പരിപാടികൾ കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലീനവാസുദേവൻ SPC പതാക ഉയർത്തി ഉദ്ഘാടനം നിർവഹിച്ചു. ശ്രീ പ്രദീപ് കുമാർ (ADNO), ശ്രീമതി ഷൈജ വളപ്പിൽ (വാർഡ് മെമ്പർ), ശ്രീ ഷൗക്കത്തലി (PTA പ്രസിഡന്റ്), ശ്രീ സുലൈമാൻ (PTA വൈസ് പ്രസിഡന്റ്) ചടങ്ങിൽ സംബന്ധിച്ചു. പരേഡ്, വീഡിയോ പ്രദർശനം, സിനിമ പ്രദർശനം, ലീഡർഷിപ്പ്, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങി വിവിധ സെഷനുകൾ, കലാപരിപാടികൾ, ഫീൽഡ് ട്രിപ്പ്, കായികമേള തുടങ്ങിയവയായിരുന്നു ക്യാമ്പിന്റെ മുഖ്യ ആകർഷണങ്ങൾ.

---



സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഉറുദു കവിതയിലും ഉറുദു പ്രസംഗത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മെഹമ്മൂദ് അഹമ്മദ്. കാശ്മീരി സ്വദേശിയായ മെഹമ്മൂദ് മർക്കസ് ഹയർ സെക്കണ്ടറി സ്കൂളിലെ രണ്ടാം വർഷ ഹ്യൂമാനിറ്റീസ് വിദ്യാർത്ഥിയാണ്.

# അഭിമാനം ഈ സ്റ്റാർ ഹോട്ടൽ



രാജ്യാന്തര അതിഥികൾക്കായി കോഴിക്കോട് മർകസ് നോളജ് സിറ്റിയിൽ ഫോർ സ്റ്റാർ സൗകര്യങ്ങളോടു കൂടിയ ഹോട്ടൽ ആണ് ഫെസ് ഇൻ ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ബിസിനസ് & ടൂറിസം ഹോട്ടലുകളിലൊന്നാണ്. ബിസിനസ് മീറ്റുകൾക്കും ഫാമിലിയോടൊപ്പം ആഘോഷിക്കാനും ഏറ്റവും അനുയോജ്യമാണ് ഈ സ്റ്റാർ ഹോട്ടൽ. സ്വതന്ത്രമായി ചിന്തിക്കാനും ആശയങ്ങൾ രൂപപ്പെടുത്താനും സുസ്ഥിരമായ ബിസിനസ് മുന്നേറ്റം കാഴ്ചവെക്കാനും ഈ മനോഹരമായ സ്ഥലം തിരഞ്ഞെടുക്കാം. എന്തൊക്കെയാണ് ഫെസ്ഇൻ ഹോട്ടലിലുള്ളത്? ലോകോത്തര നിലവാരമുള്ള ഡിലക്സ് റൂമുകൾ, ഉല്ലാസപ്രദമായ സ്യൂട്ട് റൂമുകൾ, വിവിധ രുചിയനുഭൂതികൾ സമ്മാനിക്കുന്ന റസ്റ്റോറന്റ്, വിസ്മയിപ്പിക്കുന്ന ഇൻഫിനിറ്റി പൂൾ, എക്സിക്യൂട്ടീവ് യോഗങ്ങൾക്കായി ബോർഡ് റൂം, ആസ്വാദ്യകരമായ വിഭവങ്ങളുമായി ജ്യൂസ് കോർണർ, പ്രൊഫഷണൽ, ഒത്തുകൂടലുകൾക്കും ആഘോഷങ്ങൾക്കുമായി ബാൻക്വറ്റ് ഹാൾ, ആധുനിക സൗകര്യങ്ങളോടെ ഫിറ്റ്നസ് സെന്റർ, ഉന്മേഷം പകരുന്ന കോഫി ഷോപ്പ് ഉൾപ്പെടെ നിരവധി സൗകര്യങ്ങളാണ് ഇവിടെയുള്ളത്. അതിഥികൾക്കായി ടൂർ ഡെസ്ക്, കിയോസ്ക്, ലോൻട്രി തുടങ്ങിയ സേവനങ്ങളും ഫെസ്ഇൻ ലഭ്യമാക്കുന്നു. ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇന്റഗ്രേറ്റഡ് ടൗൺഷിപ്പായ മർകസ് നോളജ് സിറ്റിയിലെ പ്രകൃതിരമണീയ ലൊക്കേഷൻ. കേരളത്തിലെ ഗ്രീൻ റസിഡൻഷ്യൽ സിറ്റിയുടെ ഭാഗം. രാജ്യത്തെ ഏറ്റവും വലിയ സാംസ്കാരിക കേന്ദ്രത്തിന്റെ സാന്നിധ്യം, പച്ചപുതച്ചുനില്ക്കുന്ന പശ്ചിമഘട്ടത്തിന്റെ താഴ്‌വാരം, മികച്ച യാത്രാ സൗകര്യങ്ങൾ, ഉന്നതനിലവാരമുള്ള വെൽനസ് സെന്റർ, കോർപ്പറേറ്റ് ഇവന്റുകൾക്കും അക്കാദമിക കോൺഫറൻസുകൾക്കും കുടുംബാഘോഷങ്ങൾക്കും ഉതകുന്ന, 2000 പേർക്ക് ഇരിക്കാവുന്ന എക്സിബിഷൻ സെന്റർ തുടങ്ങി നിരവധി ഘടകങ്ങൾ ഫെസ് ഇൻ ഹോട്ടലിനെ വ്യത്യസ്തമാക്കുന്നു.

# മർകസ് ദിനം ശ്രദ്ധേയമായി

## പുതുവത്സരദിനത്തിൽ 43000 വൃക്ഷത്തൈകൾ നട്ടു



*പുതുവത്സര ദിനത്തിൽ സംസ്ഥാനത്താകെ  മർകസ് സംഘടിപ്പിച്ച മർകസ് ദിനത്തിന് കാരന്തൂർ മർകസ് കാമ്പസിൽ  പതാക ഉയർത്തി കാന്തപുരം എ.പി അബൂബക്കർ നേതൃത്വം നൽകുന്നു.*

കോഴിക്കോട്: പുലതുവത്സര ദിനത്തിൽ സംസ്ഥാനത്ത് 43000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് മർകസ്. മർകസ് വാർഷിക സമ്മേളന പദ്ധതിയായി  പ്രഖ്യാപിച്ച മർകസ് ദിനത്തിലാണ് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചത്. പരിസ്ഥിതി സൗഹൃദമായ ഗ്രാമങ്ങളും വീടുകളും വിദ്യാലയങ്ങളുമാണ് മർകസ് ലക്ഷ്യം വെക്കുന്നതെന്നു ചാൻസലർ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ പറഞ്ഞു. സംസ്ഥാനത്തെ 5000 കേന്ദ്രങ്ങളിലും മദ്രസകളിലുമായാണ് പദ്ധതി നടന്നത്. വിവിധ സ്ഥലങ്ങളിൽ പ്രഭാതത്തിൽ പൊതുസ്ഥല ശുചീകരണവും അരങ്ങേറി. പദ്ധതിയുടെ ഉദ്ഘാടനം കോഴിക്കോട് മർകസ്, മലപ്പുറം മഅദിൻ, കാസർകോട് മുഹിമ്മാത്ത്, പത്തനംതിട്ട, കൊല്ലം ഖാദിസിയ്യ എന്നീ അഞ്ചു കേന്ദ്രങ്ങളിൽ അരങ്ങേറി. മർകസിൽ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ പതാക ഉയർത്തി. സി മുഹമ്മദ് ഫൈസി വൃക്ഷത്തൈ നടലിനു നേതൃത്വം നൽകി.  മലപ്പുറം മഅദിൻ അക്കാദമിയിൽ സയ്യി ഇബ്രാഹീമുൽ ഖലീലുൽ ബുഖാരി വൃക്ഷത്തൈനടാൻ നേതൃത്വം നൽകി. കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ കട്ടിപ്പാറ സന്ദേശ പ്രഭാഷണം നടത്തി.  പത്തനംതിട്ടയിൽ ആന്റോ ആന്റണി എം.പി ഉദ്ഘാടനം നിർവ്വഹിച്ചു.

# ഡൽഹിയിൽ മർകസ് ദിന പരിപാടികൾ സംഘടിപ്പിച്ചു

ഡൽഹി: 2020 ഏപ്രിൽ 9,10,11,12 തിയ്യതികളിൽ നടക്കുന്ന മർകസ് 43-ാം വാർഷിക സമ്മേളനത്തിന്റെ ഭാഗമായി ജനവരി 1 പുതുവത്സര ദിനത്തിൽ രാജ്യത്തിന്റെ വിവിധ മെട്രോ നഗരങ്ങളിലും കേരളത്തിലെ യൂണിറ്റുകളിലും വിദ്യാലയങ്ങളിലും മർകസ് ദിനം എന്ന പേരിൽ വിവിധ പരിപാടികൾ നടന്നു. ദൽഹി ജുമാ മസ്ജിദിന് മുന്നിൽ നടന്ന പരിപാടിയിൽ മർകസ് സമ്മേളന പോസ്റ്റർ സ്ഥാപിക്കൽ, വൃക്ഷത്തൈ നടൽ, സന്ദേശ പ്രഭാഷണം എന്നിവ നടന്നു. അബ്ദുറഹമാൻ ബുഖാരി, സുഹൈൽ ആലിമി, അജ്മൽ റബ്ബാനി, സലിം യൂനുസ് നേതൃത്വം നൽകി.

# മർകസ് റൈഹാൻ വാലി ഫെസ്റ്റ് സമാപിച്ചു

കുന്നമംഗലം: മർകസ് റൈഹാൻ വാലി സംഘടിപ്പിച്ച വിദ്യാർത്ഥികളുടെ വാർഷിക കലാമേളയായ യുഫോറിയ സമാപിച്ചു. മർകസ് ചാൻസലർ കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്കുള്ള അവാർഡ് ദാനം മർകസ് അസി ജനറൽ മാനേജർ അഡ്വ മുഹമ്മദ് ശരീഫ് നിർവ്വഹിച്ചു. പ്രഫ. ഇമ്പിച്ചിക്കോയ, സി.പി സിറാജ് സഖാഫി, സയ്യിദ് ഉവൈസ് തങ്ങൾ കണ്ണൂർ, സഊദ് ഇർഫാനി പ്രസംഗിച്ചു.

# യുവ കവി ജാബിർ കാപ്പാടിനെ ആദരിച്ചു



മുക്കം: വൈലോപ്പിള്ളി ശ്രീധരമേനോന്റെ മുപ്പത്തിയഞ്ചാം ചരമവാർഷികത്തിന്റെ ഭാഗമായി വൈലോപ്പിള്ളി പഠന കേന്ദ്രം സംഘടിപ്പിച്ച പരിപാടിയിൽ യുവ കവിയും എഴുത്തുകാരനും മർകസ് കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ കൊമേഴ്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായ ജാബിർ കാപ്പാടിനെ ആദരിച്ചു. ഇന്തോ-അറബ് കോൺഫഡറേഷൻ കൗൺസിൽ സിക്രട്ടറി ആറ്റക്കോയ പള്ളിക്കണ്ടി ജാബിറിനെ പൊന്നാടയണിയിച്ചു. പ്രൊഫ. ഉള്ളൂർ എം പരമേശ്വരൻ ഉദ്ഘാടനം ചെയ്തു.സമ്മേളനത്തിൽ പി ആർ നാഥൻ, ശ്രീരഘുനാഥൻ കൊളത്തൂർ, ഷാജു ഭായ് തുടങ്ങിയവർ സംസാരിച്ചു. പ്രൊഫ. വർഗീസ് മാത്യു ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

# ജാഇസതു നൂറുൽ ഉലമ മർകസ് വിദ്യാർത്ഥിക്ക്



ജാമിഅ സഅദിയ്യ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് അറബിക് ലാംഗ്വേജ് ഇംപ്രൂവ്മെന്റ് ഫോറവും ജാമിഅ സഅദിയ്യയും മർഹൂം എം.എ ഉസ്താദിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പ്രഥമ ജാഇസതു നൂറുൽ ഉലമ മർകസ് വിദ്യാർത്ഥിക്ക്. മർകസ് ശരീഅത്ത് കോളേജ് കുല്ലിയ്യ ഉസ്വൂലുദ്ധീൻ തഫ്സീർ അവസാന വർഷ വിദ്യാർത്ഥിയായ മുഹമ്മദ് അസ്ലം തെന്നലയാണ് പുരസ്കാരത്തിന് അർഹനായത്. കേരളത്തിലെ മിക്ക ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കവികളിൽ നിന്നാണ് അസ് ലം തെരഞ്ഞെടുക്കപ്പെട്ടത്. നിലവിൽ ഇഹ്യാഉസ്സുന്ന അസ്സഖാഫയുടെ അറബിക് ചാനലിന്റെ ചീഫ് ന്യൂസ് റീഡർ കൂടിയാണ് അസ് ലം. വിദ്യാർത്ഥിയെ മർകസ് മാനേജ്മെന്റും സ്റ്റാഫും ഉസ്താദുമാരും ഇഹ്യാഉസ്സുന്നയും അനുമോദിച്ചു

# പ്ലാസ്റ്റിക് വിമുക്ത പ്രതിജ്ഞയെടുത്ത് വിദ്യാർത്ഥിനികൾ

പുതുവർഷത്തോടെ ഒറ്റത്തവണ ഉപയോഗത്തിനുള്ള പ്ലാസ്റ്റിക്ക് വസ്തുക്കൾ നിരോധിച്ചുള്ള സംസ്ഥാന സർക്കാറിന്റെ ഉത്തരവിന് പിന്തുണ പ്രഖ്യാപിച്ച് മർകസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനികൾ പ്ളാസ്റ്റിക് വിമുക്ത കാമ്പസ് എന്ന ലക്ഷ്യത്തിനു വേണ്ടി പ്രതിജ്ഞയെടുത്തു. മർകസ് ഡേയുടെ ഭാഗമായി സ്കൂൾ ഗ്രൗണ്ടിൽ നടത്തിയ അസംബ്ളിയിൽ വിദ്യാർത്ഥിനികൾക്ക് മർകസ് ഡയരക്ടർ ഡോ. എം എ എച്ച് അസ്ഹരി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഡോ. മുഹമ്മദലി മാടായി മർകസ്ദിന സന്ദേശം നൽകി. പ്രിൻസിപ്പൽ എ റഷീദ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് എ ആയിശ ബീവി ടീച്ചർ സ്വാഗതവും ഡോ. അബൂബക്കർ നിസാമി നന്ദിയും പറഞ്ഞു.



# മെഡിക്കൽ കോളേജിൽ സേവനത്തിറങ്ങിയ മർകസ് വിദ്യാർത്ഥികളെ ആദരിച്ചു



***മർകസ് ഐ.ടി.ഐയിൽ നടന്ന വിദ്യാർത്ഥികളുടെ സേവനങ്ങൾക്കുള്ള പുരസ്കാരം പ്രൊഫ കെ.വിഉമറുൽ ഫാറൂഖ് കൈമാറുന്നു***

കുന്നമംഗലം: കോഴിക്കോട് മെഡിക്കൽ കോളേജിലെ തകരാറിലായ ഉപകരണങ്ങൾ സൗജന്യമായി പ്രവർത്തനക്ഷമമാക്കിയ മർകസ് ഐ.ടി.ഐ വിദ്യാർത്ഥികളെ ആദരിച്ചു. എ.സി, റഫ്രിജറേറ്റർ തുടങ്ങിയ വിവിധ ഇലക്ട്രോണിക് ഉപകരണങ്ങളാണ് മെഡിക്കൽ കോളേജിൽ കാമ്പ് ചെയ്ത് മർകസ് ഐ.ടി.ഐ വിദ്യാർഥികൾ ശരിയാക്കി നൽകിയത്. മർകസ് അക്കാദമിക പ്രോജക്ട് ഡയറക്ടർ പ്രൊഫ  കെ.വി ഉമർ ഫാറൂഖ് ഉദ്ഘാടനം ചെയ്തു. പഠനത്തോടൊപ്പം സേവനവും നടത്തുന്നത് നല്ല മനസ്സിന്റെ ലക്ഷണമാണ് എന്ന് അദ്ദേഹം പറഞ്ഞു. പ്രിൻസിപ്പൽ എൻ മുഹമ്മദലി അധ്യക്ഷത വഹിച്ചു. മർകസ് അക്കാദമിക ഡയറക്ടർ ഉനൈസ് മുഹമ്മദ് അനുമോദന പ്രഭാഷണം നടത്തി. മെഡിക്കൽ കോളജ് സൂപ്പർവൈസർ സജ്ജാദ് മുഖ്യാതിഥിയായിരുന്നു.  ഐ.ടി.ഐ മാനേജർ മുഹമ്മദലി സഖാഫി വള്ളിയാട്,  അബ്ദുൽ അസീസ് സഖാഫി, അബ്ദുറഹ്മാൻ കുട്ടി, ജ്യോതിഷ് സി.കെ , ചന്ദ്രൻ പി പ്രസംഗിച്ചു.

# വാട്ടർ ബെൽ പദ്ധതിക്കു തുടക്കമായി

ഓ.ഖാലിദ് മെമ്മോറിയൽ ഹൈസ്കൂളിൽ വിദ്യാർത്ഥികളിൽ വെള്ളം കുടിയെ  പ്രോത്സാഹിപ്പിക്കുന്നതിനായി 'ജല മണി' എന്ന വേറിട്ട പദ്ധതിക്കു തുടക്കം കുറിച്ചു. ഇതിനായി ഒരു പ്രത്യേക ബെൽ മുഴുവൻ ദിവസങ്ങളിലും ഒരു നിശ്ചിത ഇടവേളകളിൽ കുട്ടികൾക്കും സ്റ്റാഫ് അംഗങ്ങൾക്കും വേണ്ടി ക്രമീകരിച്ചു. സ്കൂൾ പ്രിൻസിപ്പാൾ ഷെരീഫ് കെ.എം ന്റെ നേതൃത്വത്തിൽ ഇതിനു വേണ്ട മുഴുവൻ തയ്യാറെടുപ്പുകളും പൂർത്തിയാക്കി. സ്കൂളിൽ സ്ഥാപിച്ച വാട്ടർ കൂളർ അലി സാഹിബ് മുഴപ്പിലങ്ങാട്



ഉദ്ഘാടനം നിർവഹിച്ചു. കുടിവെള്ളത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പി.ടി.എ പ്രസിഡന്റ് റഫീക് അണിയാരം സംസാരിച്ചു. പ്രിൻസിപ്പാൾ ഷെരീഫ് കെ എം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഹൈദർ അലി നൂറാനി, സിറാജ് സാഹിബ്, ഷബാന. എ.കെ, പ്രിൻഷ ബൈജു, ഉസ്താദ് അഹമദ് മുനീർ, അബ്ദുൾ കരീം അഹ്സനി സംബന്ധിച്ചു.

# മർകസ് സൈത്തൂൻ വാലി ഫെസ്റ്റിന് തുടക്കമായി

മർകസിലെ സൈത്തുൻ വാലി വിദ്യാർത്ഥികളുടെ കലാമേളയായ ഇമ്പ്രിന്റ്സ് ആരംഭിച്ചു. കഥാകൃത്ത് പി.കെ പാറക്കടവ് ഉദ്ഘാടനം ചെയ്തു. വായന മനുഷ്യർക്ക് സംസ്കാരികവും ചരിത്രപരമായ അറിവ് നൽകുമെന്നും, പുതിയ തലമുറയിൽ ചരിത്രബോധം കുറയുന്നത് അപകടകരമാണ് എന്നും അദ്ദേഹം പറഞ്ഞു. മൂന്ന് ദിവസത്തെ കലാമേളയിൽ നൂറിലധികം ഇനങ്ങളിൽ മുന്നോറോളം വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്. അഹമ്മദ് ഹസീബ് അസ്ഹരി, ഉമറുൽ ഫാറൂഖ് സഖാഫി, മുഹമ്മദ് റോഷൻ നൂറാനി, മുഹമ്മദ് സുഹൈൽ നൂറാനി, ഹസീൻ നൂറാനി സംബന്ധിച്ചു.




*മർകസിലെ സൈത്തുൻ വാലി വിദ്യാർത്ഥികളുടെ കലാമേളയായ ഇമ്പ്രിന്റ്സ് പി.കെ പാറക്കടവ് ഉദ്ഘാടനം ചെയ്യുന്നു*




*മർകസ് സ്കൂൾ കാമ്പസിൽ നടന്ന കരിയർ ഗൈഡൻസ് സെമിനാറിൽ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ പി രാജീവൻ ക്ലാസ്സെടുക്കുന്നു.*

# കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിച്ചു

മർകസ് ഹയർ സെക്കണ്ടറി സ്കൂൾ കരിയർ ഗൈഡൻസ് സെല്ലും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും സഹകരിച്ച് കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിച്ചു. മർകസ് സ്കൂൾ കാമ്പസിൽ നടന്ന പ്രിൻസിപ്പൽ അബ്ദുസ്സമദിന്റെ അധ്യക്ഷതയിൽ മർകസ് അക്കാദമിക പ്രോജക്ട് ഡയറക്ടർ ഉമർ ഫാറൂഖ് ഉദ്ഘാടനം ചെയ്തു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ പി രാജീവൻ തൊഴിൽ സാധ്യതകളെ കുറിച്ച് ക്ലാസ്സെടുത്തു. പി.ടി.എ പ്രസിഡന്റ് എൻ.പി സുരേഷ്, സ്റ്റാഫ് സെക്രട്ടറി ഡോ അബ്ദു ശുക്കൂർ, കോഡിനേറ്റർ മൂസക്കോയ എം സംസാരിച്ചു.

# ശിശുദിനം ആഘോഷിച്ചു

മർകസ് ഇഹ്റാമിനു കീഴിലുള്ള ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾ ശിശുദിനത്തോട് അനുബന്ധിച്ച് കേരള സർക്കാറിനു കീഴിൽ വെള്ളിമാട്കുന്ന് പ്രവർത്തിക്കുന്ന സെന്റർ ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ ഹോം സന്ദർശിച്ചു. സെന്റർ സൂപ്രണ്ട് സിദ്ധീഖ് ബോധവൽക്കരണം നടത്തി. വിദ്യാർത്ഥികൾ മാനസിക വൈകല്യങ്ങൾ ബാധിച്ച നാൽപതോളം കുട്ടികൾക്ക് സമ്മാനങ്ങളും മധുര പലഹാരങ്ങളും വിതരണം ചെയ്തു. വിദ്യാർത്ഥികളും മാനസിക വൈകല്യമുള്ള കുട്ടികളും കലാപരിപാടികൾ അവതരിപ്പിച്ചു.



ചടങ്ങിനു മർക്കസ് ഇഹ്റാം കോഡിനേറ്റർ മുഹമ്മദ് സഹൽ തങ്ങൾ, സ്കൂൾ പ്രിൻസിപ്പൾ ഹസ്സൻ കുട്ടി, വൈസ് പ്രിൻസിപ്പൾ സിനാൻ എന്നിവർ നേതൃത്വം നൽകി.

# അറബി ഭാഷാ ദിനം: ഇഹ്‌യാഉസ്സുന്ന സെമിനാർ സംഘടിപ്പിച്ചു

മർകസ് ശരീഅ കോളേജ് വിദ്യാർത്ഥി സംഘടനയായ ഇഹ്യാഉസ്സുന്നയുടെ നേതൃത്വത്തിൽ ഭാഗമായി ലോക അറബി ഭാഷാ ദിനത്തിൽ സെമിനാർ സംഘടിപ്പിച്ചു. ഡോ. ഓ.കെ അബ്ദുൽ ഗഫൂർ അസ്ഹരി ഉദ്ഘാടനം ചെയ്തു. കാലങ്ങൾ തോറും ഭാഷയുടെ രീതി വ്യത്യാസപ്പെടുമ്പോൾ , ഇപ്പോഴും മാറ്റമില്ലാതെ നിലനിൽക്കുന്ന ഏക ലോകഭാഷയാണ് അറബിയെന്ന് അദ്ദേഹം പറഞ്ഞു. മുസ്‌ലിംകളുടെ മതകീയ ഭാഷ എന്ന നിലയിൽ, അറബ് ലോകത്ത് മാത്രമല്ല ലോകം മുഴുവൻ അറബിയുടെ സ്വാധീനം ഉണ്ട്. ഇത്രയേറെ ആഴത്തിൽ ലോകജനങ്ങളെ സ്വാധീനിച്ച മറ്റൊരു ഭാഷയില്ല: അദ്ദേഹം പറഞ്ഞു. മർകസ് ശരീഅ കോളേജ് മുദരിസ് ഉമർ അലി സഖാഫി എടപ്പലം അധ്യക്ഷത വഹിച്ചു. ഹനീഫ് ഗുജറാത്ത്, മുഹമ്മദ് അസ്‌ലം തെന്നല,



അബ്ദുറഹ്മാൻ പഴമള്ളൂർ, റഫീഖ് വളാഞ്ചേരി, നിഷാദ് അഹ്സനി, അബ്ദുല്ല എന്നിവർ പ്രസംഗിച്ചു.

ഫോട്ടോ: മർകസ് ഇഹ്യാഉസ്സുന്ന സംഘടിപ്പിച്ച അറബി ഭാഷാ സെമിനാര് ഡോ. ഓ.കെ അബ്ദുൽ ഗഫൂർ അസ്ഹരി ഉദ്ഘാടനം ചെയ്യുന്നു.

# മർകസിൽ സാംസ്കാരിക വിരുന്ന്



മർകസിൽ നടന്ന മൻസർ-സാംസ്കാരിക വിരുന്ന് മർകസ് ചാൻസലർ കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ ഉദ്ഘാടനം ചെയ്തു. 2020 ഏപ്രിൽ 9,10,11,12 തിയ്യതികളിൽ നടക്കുന്ന മർകസ് 43-ാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിച്ചതായിരുന്നു പരിപാടി. മർകസ് ആർട്സ് & സയൻസ് കോളേജ്, മർകസ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, മർകസ് ബോയ്സ് ഹൈസ്കൂൾ എന്നീ സ്ഥപങ്ങളിലെ 2000 വിദ്യാർഥികൾ പങ്കെടുത്തു. പരിപാടിയിൽ മാപ്പിള കലാകാരൻ കോയ കാപ്പാടിന്റെ നേതൃത്വത്തിൽ പരമ്പരാഗത മുസ്ലിം കലകളുടെ പ്രദർശനവും ഭക്തിഗാന ആലാപനവും പരിപാടിയിൽ നടന്നു നടന്നു. മർകസ് ജനറൽ മാനേജർ സി മുഹമ്മദ് ഫൈസി അധ്യക്ഷത വഹിച്ചു. പ്രൊഫ എ.കെ അബ്ദുൽ ഹമീദ്, സയ്യിദ് സ്വബൂർ ബാഹസൻ, പ്രൊഫ കെ.വി ഉമർ ഫാറൂഖ്, അഡ്വ. മുഹമ്മദ് ശരീഫ്, ഉനൈസ് മുഹമ്മദ്, ലതീഫ് സഖാഫി പെരുമുഖം, അബ്ദുസമദ് ചേപ്പാല, അബ്ദു റഹ്മാൻ, അബ്ദുന്നാസർ പ്രസംഗിച്ചു.

# കണ്ണ് പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു

മർകസ് ഹയർ സെക്കണ്ടറി സ്കൂൾ എൻ എസ് എസ് യൂണിറ്റും കാലിക്കറ്റ് ബീച്ച് ലയൺസ് ക്ലബ്ബും സംയുക്തമായി കണ്ണ് പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ലീനാ വാസുദേവ് ഉൽഘാടനം ചെയ്തു. പ്രിൻസിപ്പാൾ ടി.പി അബ്ദുസ്സമദ് അധ്യക്ഷത വഹിച്ചു. ലയൺസ് ക്ലബ്ബ് പ്രസിഡണ്ട് സന്തോഷ് കുമാർ, പി.ടി.എ പ്രസിഡണ്ട് എൻ.പി സുരേഷ് എന്നിവർ സംസാരിച്ചു. എൻ എസ് എസ് പ്രോഗ്രാം ഓഫീസർ കെ.വി ജ്യോതിഷ് സ്വാഗതവും നാസിഹ് നന്ദിയും പറഞ്ഞു

# അവിസ്മരണീയ ഡൽഹി യാത്ര



**കേരള പ്രധിനിധി യായി മർകസ് ഫാത്തിമാബി സ്കൂളിലെ വിദ്യർത്ഥിനി ഷഹാന ജാസ്മിൻ എക്സ്പ്ലോറിംഗ് ഇന്ത്യ ഡൽഹി ട്രിപ്പിൽ പങ്കെടുത്തതിന്റെ അനുഭവകുറിപ്പുകൾ.**

പീരിയോഡിക് ടേബിളും ഇന്റഗ്രേഷനും ചലനനിയമങ്ങളും കൊണ്ട് തിരക്കിലായ ക്ലാസ് മുറിയിലേക്കാണ് കരിയർ രംഗത്തെ നൂതന അറിവുകൾ പകർന്നു തരാറുള്ള നാസർ സർ ട്യൂണിങ് ക്യാമ്പിനെ കുറിച്ചുള്ള അറിയിപ്പുമായി എത്തുന്നത്. കേരള മൈനോറിറ്റി ഡിപ്പാർട്ട്മെന്റ്ന് കീഴിൽ നടത്തുന്ന ഫ്ളവറിങ് ക്യാമ്പിലേക്ക് സ്കൂൾതലത്തിൽ ട്യൂണിങ് ക്യാമ്പ് സെലക്ഷൻ വേണം എന്ന് അറിഞ്ഞപ്പോൾ ഒരു ആശങ്ക തോന്നിയിരുന്നു, ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടമോ എന്ന് !

ജില്ലാതലത്തിൽ നടക്കുന്ന ഫ്ളവറിങ് ക്യാമ്പിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 10 കുട്ടികൾക്ക് എക്സ്പ്ലോറിംഗ് ഇന്ത്യ കരിയർ ടൂറിലേക്ക് അവസരം ലഭിക്കും എന്ന് അറിഞ്ഞപ്പോൾ ക്ലാസിലെ മുഴുവൻ കുട്ടികളുടെയും മുഖം പ്രകാശിക്കുന്നുണ്ടായിരുന്നു. പ്രതീക്ഷ അധികം ഉണ്ടായിരുന്നില്ലെങ്കിലും ആഗ്രഹം ആവശ്യത്തിലധികം മനസ്സിൽ കിടന്നു പിടിക്കുന്നുണ്ടായിരുന്നു. അങ്ങനെ സ്കൂളിലെ പ്രീസെലക്ഷനും ട്യൂണിങ് ക്യാമ്പും ഒടുക്കം ഫ്ളവറിങ് ക്യാമ്പും കടന്നാണ് എക്സ്പ്ലോറിങ് ഇന്ത്യയിലേക്കു തെരഞ്ഞെടുക്കപ്പെട്ടത്.

ഏറെ കൗതുകത്തോടെയാണ് ഡൽഹി യാത്രക്ക് തയ്യാറെടുത്തത്. കോഴിക്കോട് നിന്നും ആലുവയിലേക്കുള്ള ട്രെയിൻ യാത്ര. നവംബർ പത്തിന്റെ സായാഹ്നത്തിൽ ആലുവ എം.ഇ.എസ് കോളേജിൽ നാൽപ്പതോളം അപരിചിതർ തങ്ങളുടെ സ്വപ്ന യാത്രക്കായി ഒത്തുചേർന്നു. ചുരുങ്ങിയ സമയത്തിനകം തന്നെ എല്ലാവരും സൗഹൃദ വലയത്തിലായി. നവംബർ 11 ന് രാവിലെ അഞ്ചിന് ഞങ്ങൾ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും തലസ്ഥാന നഗരി ലക്ഷ്യമാക്കി യാത്രതിരിച്ചു.

ആദ്യമായാണ് വിമാനത്തിൽ. ഗ്ലാസിനുള്ളിലൂടെ ഭൂമി ചുരുങ്ങിക്കൊണ്ടിരിക്കുന്ന കാഴ്ച. കേരളം താഴെ വർണ വിളക്കുകൾ നിരത്തി വെച്ച ദീപാവലി ദിനം പോലെ. മേഘപരപ്പിലൂടെയാണ് പോകുന്നത്. വെളിച്ചം പരക്കുന്നുണ്ട്. ആദ്യ യാത്രയായതിനാൽ എനിക്കൽപ്പം കൗതുകം കൂടുതലുണ്ട്. മൂന്നര മണിക്കൂറോളം നീണ്ട യാത്രക്കു ശേഷം ന്യൂ ഡൽഹി ഇന്റർ നാഷണൽ എയർപോർട്ടിൽ ഇറങ്ങി.

ആദ്യദിനം സയൻസ് ടീമിന് മാത്രമുള്ളതായിരുന്നു. ഡൽഹിയിലെ പ്രമുഖ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളിലേക്കുള്ള യാത്ര. തൊട്ടടുത്ത ഹോട്ടലുകളിലായിരുന്നു താമസം. ദ കോണ്ടിനെന്റൽ ഹോട്ടലിലെ മൂന്നാം നിലയിലായിരുന്നു ഞങ്ങൾ നാലു പേരടങ്ങുന്ന സംഘം. പ്രഭാത ഭക്ഷണ ശേഷം സി.എസ്.ഐ.ആർ (കൗൺസിൽ ഓഫ് ഇന്റസ്ട്രിയൽ ആന്റ് സയന്റിഫിക് റിസർച്ച്) സന്ദർശനം. ശാസ്ത്രരംഗത്തെ നൂതന വിജ്ഞാനങ്ങളും സധ്യതകളും പകരുന്ന ക്ലാസിന് നേതൃത്വം നൽകിയത് പി.ആർ പന്ത്, ലീല ശർമ എന്നിവരായിരുന്നു. ഇന്ത്യയിലെ ശാസ്ത്ര ഗവേഷണങ്ങളുടെ ഉപരി സഭയായാണ് സി.എസ്.ഐ.ആർ കണക്കാക്കപ്പെടുന്നത്. 1942ൽ രൂപീകരിക്കപ്പെട്ട സ്വയംഭരണ സ്ഥാപനം ശാസ്ത്ര -സാങ്കേതിക മന്ത്രാലയത്തിനു കീഴിലാണ് പ്രവർത്തിക്കുന്നത്. എയ്റോ സ്പേസ് എൻജിനീയറിംഗ് മുതൽ പരിസ്ഥിതി ശാസ്ത്രം വരെയുള്ള വിശാലമായ ഗവേഷണ മേഖലകൾ സി.എസ്.ഐ.ആർ കൈകാര്യം ചെയ്യുന്നു. ടെർടിലായിരുന്നു (ടി.ഇ.ആർ.ടി) അടുത്ത സന്ദർശനം. പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങൾ നിർമിക്കുന്നതിനെ കുറിച്ചുള്ള കാഴ്ചപ്പാട് രൂപപ്പെടുത്താൻ സന്ദർശനം സഹായിച്ചു. ഊർജ്ജത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന വിധം നേരിൽ കണ്ടു. രാത്രി പത്തു മണിയോടെ



തിരിച്ച മുറിയിലെത്തി. ഹോട്ടലൽ സൈൻ സാഗറിൽ വെച്ചായിരുന്ന ഉത്തരേന്ത്യൻ രാത്രി ഭക്ഷണം. നാലു ദിവസത്തെ ഡൽഹി യാത്രയും മൂന്ന ദിവസത്തെ ട്രെയിൻ യാത്രയുമായിരുന്ന ഉണ്ടായിരുന്നത്. പ്രസിഡന്റിന്റെ കൊട്ടാരം, ചരിത്ര സ്മാരകങ്ങൾ എന്നിവയും ജെ.എൻ. യു, ജാമിയ മില്ലിയ യൂണിവേഴ്സിറ്റി കൾ, സെന്റ് സ്റ്റീഫൻസ് കോളേജ് തുടങ്ങി ഇന്ത്യയിലെ തന്നെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്ദ ർശിക്കാൻ സാധിച്ചു.

രാത്രി ഒരുമണിയോടെയാണ് ജെ.എൻ.യുവിലെത്തിയത്. മികച്ച പഠനാന്തരീക്ഷം ഏറെ ആകർഷ ണീയമാണ്. രാഷ്ട്രീയ ബോധവും ദീർഘ വീക്ഷണവുമുള്ള പൗരൻമാ രെ വാർത്തെടുക്കുന്നതിൽ ജെ.എൻ. യു നൽകുന്ന സംഭാവന ചെറുതല്ല. ശക്തമായ നിലപാടുള്ളവരാണ് ജാമിയ മില്ലിയ്യയിലെ വിദ്യാർത്ഥി കൾ. ജാമിയ വിദ്യാർത്ഥികളുമായി നടത്തിയ കൂടിക്കാഴ്ചയിൽ ആ കാംപസ് വിദ്യാർത്ഥിനികൾക്കു നൽകുന്ന സുരക്ഷയും ആത്മവിശ്വാ സവും നേരിട്ടറിഞ്ഞു. വിദ്യാർത്ഥിക ളെ പ്രതികരണ ശേഷിയും രാഷ്ട്രീയ ബോധവുമുള്ളരാക്കി വളർത്തുന്ന തിൽ ഈ കലാലയം മുന്നിൽ നിൽക്കുന്നു. സെന്റ് സ്റ്റീഫൻസ് കോളേജിലും കണ്ട കാഴ്ചകൾ മറ്റൊ ന്നായിരുന്നില്ല. ആർട്സ്, സയൻസ് വിഷയങ്ങളിൽ മികച്ചതും ഏറെ പഴക്കമുള്ളതുമായ കോളേജുകളിൽ ഒന്നാണിത്.

ശശി തരൂർ അടക്കം നിരവധി പ്രമുഖരെ ലോകത്തിനു സംഭാവന ചെയ്ത കലാലയമാണിത്. ഇന്ത്യ ഗേറ്റ്, കുത്തബ് മിനാർ, ലോട്ടസ് ടെമ്പിൾ, താജ്മഹൽ തുടങ്ങിയ ചരിത്ര സ്മാരകങ്ങളു സന്ദർശിക്കാൻ കഴിഞ്ഞു. ഒരേ സമയം ആയിരക്ക ണക്കിന് പേരെ ഉൾക്കൊള്ളാവുന്ന ഡൽഹി ജുമാ മസ്ജിദ് അളുതപ്പെ ടുത്തി. ചെങ്കോട്ടയിൽ പാറിക്കളി ക്കുന്ന ദേശീയ പതാക ഏതൊരു ഭാരതീയന്റെയും അന്തരംഗം ആത്മ പൂരിതമാക്കും.

സംസ്കാരങ്ങളുടെ സംഗമ കേന്ദ്രം കൂടിയാണ് ഇന്ത്യ. തോളുരുമ്മി നടന്നുനീങ്ങുന്നവരുടെ വേഷങ്ങൾ ഇന്ത്യയുടെ ബഹുസ്വരതയുടെ നേ ർക്കാഴ്ചയാണ്.

ചേരികളും ദാരിദ്ര്യവും ഡൽഹിയുടെ ഇരുണ്ട കാഴ്ചകളാണ്. ബലൂൺ വി ൽപ്പന നടത്തുന്ന കുട്ടികളെ അങ്ങി ങ്ങായി കാണാം.

ബാബരി മസ്ജിദ് വിധി വന്ന സമയമായിരുന്നു ഞങ്ങൾ ഡൽഹി യിലെത്തിയത്. അതിനാൽ തന്നെ രാഷ്ട്രപതി ഭവൻ സന്ദർശനം ഒഴി വാക്കേണ്ടി വന്നു. എന്നാൽ കേന്ദ്ര ന്യൂനപക്ഷ വകുപ്പ് മന്ത്രി മുഖ്താർ അബ്ബാസ് നഖ്‌വിയുമായി കൂടിക്കാഴ്ച നടത്താൻ അവസരമുണ്ടായി.

അവസാന ദിവസം താജ്മഹൽ സന്ദർശനം. ആഗ്രയിലെ ഒരു ഹോട്ടലിലായിരുന്നു താമസം. അഞ്ചാം ദിവസം ട്രെയിൻ മാർഗം നാട്ടിലേക്ക് തിരിച്ചു. തൃശ്ശൂരിലേ ക്കുള്ള രണ്ടര ദിവസത്തെ യാത്ര ഏറെ മനോഹരമായിരുന്നു.

പതിനാല് തരത്തിൽ മലയാളം സംസാരിക്കുന്നവർ പുതുമയായിരു ന്നു. നസീറ മിസ്സിന്റെയും ഹുസൈൻ സാറിന്റെയും കഥകൾ ഞങ്ങൾ ഒരുമിച്ചിരുന്നു കേട്ടു. കുട്ടികളുടെ കൂട്ടം മറ്റു യാത്രക്കാരെയും രസിപ്പിച്ചു. മലയാളികളായ പട്ടാള കുടുംബത്തെ യും യാത്രക്കിടയിൽ കണ്ടു മുട്ടി. അതിനിടെ നാഗപ്പൂർ സ്വദേശിയായ ഡോക്ടറെ ആലപ്പുഴ എന്നു പച്ചമ ലയാളത്തിൽ പറയാനും പഠിപ്പിച്ച ആവേശത്തിലാണ് തിരിച്ചെത്തിയ ത്. നവംബർ 18 പുലർച്ചെ മൂന്നിന് തൃശ്ശൂർ റെയിൽവേ സ്റ്റേഷനിലിറ ങ്ങി. തുടർന്ന് കോഴിക്കോട്ടേക്ക്.

ഇന്ത്യയെ ഉയർന്ന സ്ഥാപനങ്ങളും അവ നൽകുന്ന വൈജ്ഞാനിക നി ലവാരവും അവസരങ്ങളും വായിച്ചറി യുന്നതിനേക്കാൾ അപ്പുറമാണെന്ന ചിന്തയാണ് വീട്ടിലേക്ക് പോകു മ്പോഴും മനസ്സിലുണ്ടായിരുന്നത്.



## മലർവാടി ഫുട്ബോൾ ചാമ്പ്യൻഷിപ്: മർകസ് ബോയ്സ് സ്കൂൾ ജേതാക്കൾ

കുന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെയും പതിമംഗലം മലർവാടി ഫുട്ബോൾ അക്കാദമിയുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഉപജില്ലാ സ്കൂൾ തല ഫുട്ബോൾ ചാംമ്പ്യൻഷിപ്പിൽ മാക്കൂട്ടം എ എം യു പി സ്കൂളിനെ പരാജയപ്പെടുത്തി മർകസ് ബോയ്സ് സ്കൂൾ ജേതാക്കളായി. കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി സുനിത ഉദ്ഘാടനം ചെയ്തു. കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലീന വാസുദേവൻ അധ്യക്ഷത വഹിച്ചു. കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപ്പുക്കുട്ടൻ ട്രോഫി വിതരണം നടത്തി. കുന്ദമംഗലം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ പി കോയ, വാർഡ് മെമ്പർ എ കെ ഷൗക്കത്തലി, പി പവിത്രൻ, നിയാസ് റഹ്മാൻ എന്നിവർ ആശംസകളറിയിച്ചു. ഹംസ കെ സി, മുസ്തഫ മണ്ണത്ത്,അഷ്റഫ് എം പി, ഇഖ്ബാൽ എം പി, സിദ്ധിഖ് ഹിമാലയ, സലീം എം എം, രജിൻ വിജയൻ, റസാഖ് സി, ഉസ്മാൻ എം എം സംബന്ധിച്ചു. അഷ്റഫ് കുടത്താൾ സ്വാഗതവും അഷ്റഫ് മണ്ണത്ത് നന്ദിയും പറഞ്ഞു.

## വയോജന സന്ദർശനവും ഭക്ഷ്യ വിതരണവും

ബാലുശ്ശേരി മർകസ് പബ്ലിക് സ്കൂൾ വിദ്യാർത്ഥികൾ വയോജന സമ്പർക്കത്തിന്റെ ഭാഗമായി നരിക്കുനി അത്താണി സന്ദർശിച്ചു. ലോക ഭക്ഷ്യ ദിനത്തിന്റെ ഭാഗമായുള്ള ഭക്ഷ്യ വിതരണവും ഇതോടൊപ്പം നടന്നു. 30-ഓളം വരുന്ന വയോജനങ്ങൾക്ക് കുട്ടികളുടെ സന്ദർശനം ആശ്വാസമായി. പാട്ടും, തമാശയും, സർഗ സല്ലാപവും വഴി കുറഞ്ഞ സമയം അവർക്ക് ആനന്ദം നൽകാൻ സന്ദർശനം വഴിയൊരുക്കി. വന്ദ്യവയോധികരായ ആരോരും കഥ പറയാനില്ലാത്ത ആ മാതാപിതാക്കൾക്ക് മാനസിക സുഖം നൽകാൻ കഴിഞ്ഞ ചാരിതാർത്ഥ്യത്തോടെയാണ് വിദ്യാർത്ഥികൾ മടങ്ങിയത്. സ്കൂൾ പ്രിൻസിപ്പൾ മുഹമ്മദ് ഷാഫി, സ്വദർ മുഅല്ലിം നൗഫൽ സഖാഫി എന്നിവർ നേതൃത്വം നൽകി.

## എംജിഎസ് ഇംഗ്ലീഷ് ലാംഗ്വേജ് ഫെസ്റ്റ്



മർകസ് ഗ്രൂപ്പ് സ്കൂളുകളുടെ കൂട്ടായ്മയായ എംജിഎസ് സംഘടിപ്പിച്ച പ്രഥമ ഇംഗ്ലീഷ് ലാംഗ്വേജ് ഫെസ്റ്റിൽ (ZEST 2k19) ബാലുശ്ശേരി മർകസ് പബ്ലിക് സ്കൂൾ വിദ്യാർത്ഥികൾ ചാമ്പ്യന്മാരായി. സ്പെൽ ബീ, ന്യൂസ് റീഡിങ്, ഡിബേറ്റ് ഇനങ്ങളിലായിരുന്നു മത്സരം. എംജിഎസ് ഇംഗ്ലീഷ് കോ-ഓർഡിനേറ്റർ പ്രൊഫ. ജോസഫ് ചാക്കോ നേതൃത്വം നൽകി. എം ജി എസ് പ്രൊജക്റ്റ് ഡയറക്ടർ പ്രൊഫ. ഉമർ ഫാറൂഖ്, മർക്കസ് എ.ജി.എം അഡ്വ. മുഹമ്മദ് ശരീഫ് എന്നിവർ ചാമ്പ്യൻ സമ്മാനവിതരണം നടത്തി.

# 'ഒരുമിച്ചൊരു രാഷ്ട്രം നടാം'
# മർകസ് മില്യൻ ട്രീസ് ക്യാമ്പയിന് മികച്ച തുടക്കം



**മില്യൻ ട്രീസ് ദേശീയ ക്യാമ്പയിൻ ബ്രോഷർ കേന്ദ്ര തൊഴിൽവകുപ്പ് മന്ത്രി സന്തോഷ് കുമാർ ഗംഗ്വാർ പ്രകാശനം ചെയ്യുന്നു. കാന്തപുരം എപി അബൂബക്കർ മുസ്ലിയാർ, ശിഹാബുദ്ധീൻ റസ്വി സമീപം.**

2020 ഏപ്രിൽ മാസം നടക്കുന്ന മർകസ് സമ്മേളനത്തിന്റെ ഭാഗമായി രാജ്യത്തുടനീളം പത്ത് ലക്ഷം തൈകൾ നടുന്ന പദ്ധതിയായ മില്യൻ ട്രീസ് ദേശീയ ക്യാമ്പയിൻ ശ്രദ്ധേയമാകുന്നു. ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി സന്തോഷ് കുമാർ ഗംഗ്വാർ ക്യാമ്പയിൻ ബ്രോഷർ പ്രകാശനം ചെയ്തു. മർകസ് ചാൻസലർ കാന്തപുരം എപി അബൂബക്കർ മുസ്ലിയാർ അധ്യക്ഷത വഹിച്ചു.

പരിസ്ഥിതി സംരക്ഷണം മുഖ്യ അജണ്ടയാക്കി വരുംതലമുറക്ക് സുഖകരമായി ജീവിക്കാനുള്ള സാഹചര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത പരിപാടികളാണ് നടന്നുവരുന്നത്. മർകസ് സമ്മേളനത്തിന്റെ പ്രമേയമായ 'സുസ്ഥിര സമൂഹം, സുഭദ്ര രാഷ്ട്രം' എന്ന സന്ദേശം ഉൾക്കൊള്ളുന്ന പരിപാടികളാണ് ഈ ക്യാമ്പയിനിന്റെ ഭാഗമായി നടക്കുന്നത്. വൃക്ഷത്തൈ നടൽ, പരിസ്ഥിതി സെമിനാറുകൾ, പരിസ്ഥിതി ബോധവത്കരണ റാലികൾ തുടങ്ങിയവയാണ് വിവിധ സംസ്ഥാനങ്ങളിലായി ആസൂത്രണം ചെയതിരിക്കുന്നത്. വിവിധ സംസ്ഥാനങ്ങളിലെ സർക്കാർ കാര്യാലയങ്ങൾ, സ്കൂളുകൾ, മദ്റസകൾ കേന്ദ്രീകരിച്ചുള്ള പരിപാടികളും പരിസ്ഥിതി പ്രവർത്തകരുടെ കൂട്ടായ്മകൾ, എൻജിഒകൾ എന്നിവയുമായി സഹകരിച്ചുള്ള വിവിധ പദ്ധതികളും ക്യാമ്പയിന്റെ ഭാഗമായി നടക്കും.

വിവിധ ചടങ്ങുകളിലായി മർകസ് നോളജ് സിറ്റി ഡയറക്ടർ ഡോ. എ.പി അബ്ദുൽ ഹകീം അസ്ഹരി, മൗലാന ശിഹാബുദ്ധീൻ ബറേലി, ശൗക്കത്ത് നഈമി, അമീൻ പഠാൻ രാജസ്ഥാൻ, യാസർ അറഫാത്ത് നൂറാനി, കെകെ ശമീം ലക്ഷദ്വീപ്, മുഹ്സിൻ എകെ, അബ്ദുൽ ഖാദിർ നൂറാനി, അബ്ദുൽ ശുക്കൂർ വെസ്റ്റ് ബംഗാൾ പങ്കെടുത്തു.



## എൻ എസ് എസ് യൂണിറ്റിന്റെ ഉപജീവനം പദ്ധതി

മർക്കസ് ഹയർ സെക്കണ്ടറി സ്കൂൾ എൻ എസ് എസ് യൂണിറ്റിന്റെ ഉപജീവനം പദ്ധതിയുടെ ഭാഗമായ് സൗജന്യ തയ്യൽ മെഷീൻ വിതരണോത്ഘാടനം കേരള ഹജ്ജ് കമ്മറ്റി ചെയർമാനും മർക്കസ് ജനറൽ മാനേജറുമായ സി മുഹമ്മദ് ഫൈസി നിർവ്വഹിക്കുന്നു



മർകസ് ബോയ്സ് ഹയർസെക്കന്ററി സ്കൂൾ ടാലന്റ് ക്ലബ് ഏർപ്പെടുത്തിയ പ്രഥമ ഇൻസ്പിറേഷനൽ സ്റ്റുഡന്റ് ഓഫ് ദി ഇയർ പുരസ്കാരം പത്താംക്ലാസ് വിദ്യാർത്ഥി മുഹമ്മദ് സ്വലാഹുദ്ദീന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ സമ്മാനിക്കുന്നു.



ബാലുശ്ശേരി മർകസ് പബ്ലിക് സ്കൂൾ വിദ്യാർത്ഥികൾ വയോജന സമ്പർക്കത്തിന്റെ ഭാഗമായി നരിക്കുനി അത്താണി സന്ദർശിക്കുന്നു. 30-ഓളം വരുന്ന വയോജനങ്ങൾക്ക് കുട്ടികളുടെ സന്ദർശനം ആശ്വാസമായി.




മാഹി ഒ ഖാലിദ് മെമ്മോറിയൽ ഇംഗ്ലീഷ് ഹൈസ്കൂളിൽ ആരംഭിച്ച ട്രസ്റ്റി ഷോപ്പ്. ഷോപ്പിൽ നിന്നെടുക്കുന്ന സാധനങ്ങൾക്കുള്ള വില കാർട്ടൂണിൽ നിക്ഷേപിക്കാം.



മർകസ് ഐ ടി ഐ വിദ്യാർത്ഥികൾ വയോജന സമ്പർക്കത്തിന്റെ ഭാഗമായി വൃദ്ധസദനം സന്ദർശിക്കുന്നു. വയോജനങ്ങൾക്ക് കുട്ടികളുടെ സന്ദർശനം ആശ്വാസമായി.




മർക്കസ് ഗേൾസ് സ്കൂൾ പ്രാർത്ഥനാ ഹാൾ മർക്കസ് ഡയറക്ടർ ഡോ. അബ്ദുൽ ഹകീം അസ്ഹരി ഉദ്ഘാടനം ചെയ്യുന്നു.




മർകസ് പബ്ലിക് സ്കൂളിൽ നടന്ന ശിശുദിനാഘോഷം



കണ്ണൂർ ജില്ലാകലക്ടർ ടി.വി. സുഭാഷ് ഐ എ എസ് വളപട്ടണം ക്രസന്റ് സ്കൂൾ ആർട്സ് ഫെസ്റ്റ് ഉദ്ഘാടന വേളയിൽ.



ബഷീർ അനുസ്മരണം



മർക്കസ് ഹയർ സെക്കണ്ടറി സ്കൂൾ എൻ എസ് എസ് വിദ്യാർത്ഥികൾ ശേഖരിച്ച പുസ്തകങ്ങൾ പൊയിൽതാഴം ഗവൺമെന്റ് എൽപി സ്കൂൾ ലൈബ്രറിയിലേക്ക് കൈമാറുന്നു.

fezinnhotels

www.fezinnprojects.com

# പറന്ന് പറന്ന് ഒരു സ്റ്റാർ ഹോട്ടൽ

ജീവിതസ്വപ്നങ്ങൾക്കും ബിസിനസ് വിജയങ്ങൾക്കും സഹായിക്കുന്ന, ആശയപരവും നേതൃപരവുമായ സമ്പൂർണ പിന്തുണ നൽകുന്ന പുതിയ കാലത്തിന്റെ ഹോട്ടലിലേക്ക് സ്വാഗതം

## ഇത് കേരളത്തിന്റെ സ്വന്തം എക്സ്പീരിയൻഷ്യൽ ടൂറിസം & ബിസിനസ് ഹോട്ടൽ



എം. കെ ശൗക്കത്ത് അലി
മാനേജിംഗ് ഡയറക്ടർ



മുഹമ്മദ് റിയാസ്
ഡയറക്ടർ



മുഹമ്മദ് സർഫ്രാസ്
ഡയറക്ടർ

- ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഇന്റഗ്രേറ്റഡ് ടൗൺഷിപ്പായ മർകസ് നോളജ് സിറ്റിയിലെ പ്രകൃതിരമണീയ ലൊക്കേഷൻ.
- കുടുംബത്തോടൊപ്പം ചെലവഴിക്കാൻ അനുയോജ്യമായ എന്റർടൈൻമെന്റ് സ്പോട്ട്
- ആധുനിക സൗകര്യങ്ങളുള്ള മികച്ച മീറ്റിംഗ് സ്പേസ് & ബാങ്ക്വറ്റ് ഹാൾ
- വിവിധ രുചിയനുഭൂതികൾ സമ്മാനിക്കുന്ന റസ്റ്റോറന്റ്
- കൊച്ചി, ബാംഗ്ലൂർ, മൈസൂർ റൂട്ടിൽ മികച്ച ഗതാഗതസൗകര്യങ്ങൾ
- രാജ്യത്തെ ഏറ്റവും വലിയ സാംസ്കാരിക കേന്ദ്രത്തിന്റെ സാന്നിധ്യം.
- കോർപറേറ്റ്, ഫാമിലി ഇവന്റുകൾക്കായി 2000 പേർക്ക് ഇരിക്കാവുന്ന കൺവെൻഷൻ സെന്റർ
- പച്ചപുതച്ചുനില്ക്കുന്ന പശ്ചിമഘട്ട മലനിരകളുടെ താഴ്‌വര.
- മർകസ് നോളജ് സിറ്റി ടൗൺഷിപ്പിലെ ആഡ് ഓൺ ബെനിഫിറ്റുകൾ
- ഉന്നതനിലവാരമുള്ള വെൽനസ് സെന്റർ.
- കേരളത്തിലെ ഗ്രീൻ റസിഡൻഷ്യൽ സിറ്റിയുടെ ഭാഗം.



ഇപ്പോൾ വിളിക്കാം
+91 81568 77778
+91 81138 87700
+91 95268 98000

Fezinn HOTEL

Markaz Knowledge City, Calicut

ഡിലക്സ് റൂമുകൾ | സ്യൂട്ട് റൂമുകൾ | കോഫി ഷോപ്പ് | ബോർഡ് റൂമുകൾ
റസ്റ്റോറന്റ് | ടൂർ ഡെസ്ക് | ഇൻഫിനിറ്റി പൂൾ | ബാൻക്വറ്റ് ഹാൾ
ലോൺട്രി സർവ്വീസ് | കിയോസ്ക് | എക്സിബിഷൻ സെന്റർ
ഫിറ്റ്നസ് സെന്റർ

Corporate Office
Fezinn Projects LLP, Room No. 1603, HILITE Business Park,
Thondayad Bypass, kozhikode,kerala 673014